പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4033** **16.03.2017-ൽ മറുപടിയ്ക്ക്**

**പനത്തടി പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാൾ**

**ചോദ്യം**
**ശ്രീ. എൻ .എ.നെല്ലിക്കുന്ന്**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിലെ പനത്തടി പഞ്ചായത്തിലെ ഒമ്പതാം വാർഡിൽ മാവുക്കൽ കോട്ടക്കുന്നിൽ ആദിവാസികൾക്കായി കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചിട്ടുണ്ടോ; | എ), ബി) & സി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പനത്തടി ഗ്രാമപഞ്ചായത്തിലെ കോട്ടക്കുന്നിൽ ആദിവാസികൾക്ക് മാത്രമായി പട്ടികവർഗ്ഗ വികസന വകുപ്പ് കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചിട്ടില്ല. |
| ബി) | എങ്കിൽ ഏത് ഫണ്ടിൽ നിന്ന് എത്ര തുക ചെലവഴിച്ച് നിർമ്മിച്ചതാണെന്നും എപ്പോഴാണ് പ്രവർത്തനം ആരംഭിച്ചതെന്നും വ്യക്തമാക്കാമോ; | | |
| സി) | കമ്മ്യൂണിറ്റി ഹാൾ ആരുടെ നിയന്ത്രണത്തിലാണെന്ന് വ്യക്തമാക്കാമോ; | | |
| ഡി) | ഏത് ആവശ്യത്തിനുവേണ്ടിയാണ് കമ്മ്യൂണിറ്റി ഹാൾ ഉപയോഗിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | ഡി) | പ്രദേശത്തെ ജനങ്ങളുടെ പൊതു ആവശ്യങ്ങൾ, ഊരുകൂട്ട യോഗങ്ങൾ, അയൽക്കൂട്ടങ്ങൾ, ബാലസഭകൾ, ബോധവൽക്കരണ ക്ലാസ്സുകൾ മുതലായവയ്ക്കായി കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് SGRY പദ്ധതിയിൽ നിർമ്മിച്ച |

| | | | |
|---|---|---|---|
| | | | ഈ പ്രദേശത്തെ ഒരു കമ്മ്യൂണിറ്റി ഹാൾ ഉപയോഗിച്ചു വരുന്നു. |
| ഇ) | ഈ കമ്മ്യൂണിറ്റി ഹാൾ ആരെങ്കിലും കയ്യേറിയതായി പരാതി ലഭിച്ചിട്ടുണ്ടോ; | ഇ) | പരാതി ലഭിച്ചിട്ടില്ല. |
| എഫ്) | പ്രസ്തുത ഹാൾ ചിലർ കയ്യേറിയതിൽ പ്രതിഷേധിച്ച് കോളനി നിവാസികളായ സ്ത്രീകൾ കാസർഗോഡ് കളക്ടറേറ്റ് ജംഗ്ഷനിൽ സമരം ചെയ്തുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എഫ്) & ജി) | കയ്യേറിയതായി പരാതി ലഭിച്ചിട്ടില്ല. SGRY പദ്ധതി പ്രകാരം പണികഴിപ്പിച്ച കമ്മ്യൂണിറ്റി ഹാൾ തങ്ങൾക്ക് മാത്രമായി കൈകാര്യം ചെയ്യണം എന്നാവശ്യപ്പെട്ട് ഒരു വിഭാഗം മാവുക്കൽ കോട്ടക്കുന്ന് കോളനിയിലെ ആദിവാസികൾ കളക്ടറേറ്റിന് മുന്നിൽ സമരം ചെയ്യുന്നുണ്ട്. ഒരുവിഭാഗത്തിന് മാത്രമായി SGRY പദ്ധതി പ്രകാരം നിലവിൽ വന്ന കമ്മ്യൂണിറ്റി ഹാൾ അനുവദിക്കാൻ കഴിയില്ല എന്ന കാര്യം അവരെ അറിയിച്ചിട്ടുണ്ട്. |
| ജി) | കമ്മ്യൂണിറ്റി ഹാൾ കയ്യേറിയതാരാണെന്നും കളക്ടറേറ്റ് ജംഗ്ഷനിലെ സമരക്കാർ ആരാണെന്നും വ്യക്തമാക്കാമോ; സമരം അവസാനിപ്പിക്കാൻ സർക്കാർ നടത്തിയ ശ്രമം വിശദമാക്കാമോ; ഇല്ലെങ്കിൽ ഇടപെടാൻ ഇനി ആലോചനയുണ്ടോയെന്ന് വ്യക്തമാക്കുമോ? | | |

Hareesh

സെക്ഷൻ ഓഫീസർ